STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.136/PR/SPMC/PHQ/2022 Date:17.08.2022

**71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പ് : 800 മീറ്റർ ഫ്രീസ്റ്റൈലിൽ കേരളാ പോലീസിന്റെ ആർ.രാകേഷിന് വെങ്കലം**

തിരുവനന്തപുരത്ത് ഇന്ന് ആരംഭിച്ച 71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ 800 മീറ്റർ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ കേരളാ പോലീസിന്റെ ആർ.രാകേഷ് വെങ്കല മേഡൽ നേടി. ബി.എസ്.എഫ് ന്റെ മന്ദാർ.എ.ദിവസ്, സി.ആർ.പി.എഫിന്റെ മനു.ബി.എം എന്നിവർ യഥാക്രമം സ്വർണ്ണ, വെള്ളി മെഡലുകൾ കരസ്ഥമാക്കി.

കേരളാ പോലീസ് സ്പോർട്സ് ടീം അംഗമായ ആർ.രാകേഷ് 2018 ലെ നാഷണൽ പോലീസ് മീറ്റിൽ 4 X 100 മീറ്റർ മെഡ്‌ലെ റിലേയിൽ വെങ്കല മെഡലും 2019 ലെ നാഷണൽ പോലീസ് മീറ്റിൽ 4 X 200 മീറ്റർ റിലേയിൽ സ്വർണ്ണമെഡലും നേടിയ കേരളാ പോലീസ് ടീമിലെ അംഗമാണ്. 2019 ലെ നാഷണൽ പോലീസ് മീറ്റിൽ 1500, 800 മീറ്റർ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ വ്യക്തിഗത ഇനത്തിൽ വെള്ളി മെഡലും കരസ്ഥമാക്കിയിട്ടുണ്ട്. 2017 ൽ കേരളാ പോലീസിൽ സർവ്വീസിൽ പ്രവേശിച്ച രാകേഷ് തിരുവനന്തപുരം കാലടി സ്വദേശിയാണ്. നിലവിൽ എസ്.എ.പി ബറ്റാലിയനിൽ ഹവിൽദാർ ആണ്.

ഫോട്ടോ : തിരുവനന്തപുരത്ത് നടക്കുന്ന 71 ാമത് ആൾ ഇന്ത്യാ പോലീസ് അക്വാട്ടിക് ആന്റ് ക്രോസ് കൺട്രി ചാമ്പ്യൻഷിപ്പിൽ 800 മീറ്റർ ഫ്രീസ്റ്റൈൽ വിഭാഗത്തിൽ വെങ്കല മെഡൽ നേടിയ കേരളാ പോലീസിന്റെ നീന്തൽതാരം ആർ.രാകേഷ്

******************************